# യോഹന്നാന്റെ ജീവപഠനം

## ദൂത് അഞ്ച്

## ജീവനും കെട്ടുപണിക്കും ഉള്ള ഒരു അവതാരിക

## (4)

ഈ ദൂതിൽ നാം നേരത്തേ വിശദീകരിച്ചു കഴിഞ്ഞ ചില കാര്യങ്ങൾ പുനരവലോകനം ചെയ്യുകയും, നാം ഇതുവരെ പരിഗണിക്കാത്ത ചില കാര്യങ്ങൾ സ്പർശിക്കുകയും ചെയ്തുകൊണ്ട് യോഹന്നാൻ 1 ആകമാനം നമുക്ക് അവലോകനം ചെയ്യാം.

### IV. നിത്യതയുടെ രണ്ടു ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന കാലം എന്ന പാലം

യോഹന്നാൻ ഒന്നാം അദ്ധ്യായം നിത്യതയുടെ രണ്ടു ഭാഗം വെളിപ്പെടുത്തുന്നു. യോഹന്നാൻ 1:1 കഴിഞ്ഞകാല നിത്യതയെ പരാമർശിക്കുന്നു. കാരണം ആദിയിൽ എന്നത് കഴിഞ്ഞകാല നിത്യതയെ സൂചിപ്പിക്കുന്നു. 51-ാം വാക്യം, വരുവാനുള്ള നിത്യതയെ സൂചിപ്പിക്കുന്നു. കാരണം സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കലേക്ക് ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നഥനയേൽ കാണും എന്നു അവനോട് കർത്താവ് പറഞ്ഞപ്പോൾ, കാലത്തെക്കുറിച്ചല്ല, പിന്നെയോ വരുവാനുള്ള നിത്യതയെക്കുറിച്ചായിരുന്നു അവൻ സംസാരിച്ചത്. നിത്യതയുടെ ഈ രണ്ടു ഭാഗവും കൂട്ടിച്ചേർത്താൽ നമുക്ക് മുഴുവൻ നിത്യതയും ഉണ്ട്.

### A. നിത്യതയുടെ ആദ്യഭാഗത്ത്- കഴിഞ്ഞകാലത്തെ നിത്യതയിൽ

കഴിഞ്ഞകാല നിത്യതയിൽ, വചനം എന്ന നിലയിൽ ക്രിസ്തു ദൈവത്തോടുകൂടെ ആയിരുന്നു; അവൻ ദൈവം ആയിരുന്നു. കഴിഞ്ഞകാല നിത്യതയിൽ, അവൻ ദൈവം മാത്രമായിരുന്നു. അവന്

ദിവ്യത്വം മാത്രമേ ഉണ്ടായിരുന്നുള്ളു. വചനം അതുവരെ ജഡം ആയിത്തീർന്നിട്ടില്ലായിരുന്നതിനാൽ, അവൻ മനുഷ്യൻ അല്ലായിരുന്നു; അവന് മനുഷ്യത്വം ഇല്ലായിരുന്നു.

## B. നിത്യതയുടെ രണ്ടാം ഭാഗത്ത്- വരുവാനുള്ള നിത്യതയിൽ

വരുവാനുള്ള നിത്യതയിൽ, ക്രിസ്തു ദൈവം മാത്രമല്ല മനുഷ്യനും ആയിരിക്കും. അവൻ ദൈവപുത്രൻ മാത്രമല്ല, മനുഷ്യപുത്രനും ആയിരിക്കും. വചനം ജഡത്തിൽ അവതരിച്ചതുമൂലം(വാ.14), അവൻ ഒരു മനുഷ്യൻ, എന്നേക്കും മനുഷ്യത്വമുള്ള മനുഷ്യപുത്രൻ കൂടിയാണ്. ജഡാവതാരത്തിനുശേഷവും അവൻ ദൈവമാണ്, ദൈവവും മനുഷ്യനും. അവൻ ഇപ്പോഴും ദൈവപുത്രൻ, ദൈവപുത്രനും മനുഷ്യപുത്രനും ആണ്. അവൻ ദൈവപുത്രൻ ആണെന്നു മാത്രമല്ല, വരുവാനുള്ള നിത്യതയിൽ അവൻ മനുഷ്യപുത്രനും ആയിരിക്കും. കഴിഞ്ഞകാല നിത്യതയിൽ, അവൻ മനുഷ്യത്വമില്ലാതെ, കേവലം ദിവ്യത്വം മാത്രമുള്ള ദിവ്യനായവൻ ആയിരുന്നു. എന്നിരുന്നാലും, വരുവാനുള്ള നിത്യതയിൽ അവൻ ദിവ്യത്വവും മനുഷ്യത്വവുമുള്ള ദൈവവും മനുഷ്യനും, ദൈവപുത്രനും മനുഷ്യപുത്രനും, ദിവ്യനും മനുഷ്യനും ആയവൻ ആയിരിക്കും. അവന് രണ്ടു പ്രകൃതവും രണ്ടു സാരാംശവും രണ്ടു സത്തയും-ദിവ്യത്വവും മനുഷ്യത്വവും- ഉണ്ടായിരിക്കും.

നഥനയേൽ കർത്താവിനോട്,“നീ ദൈവപുത്രൻ, നീ യിസ്രായേലിന്റെ രാജാവ്”എന്നു പറഞ്ഞപ്പോൾ(വാ.49) യേശു അവനോട്, “ദൈവദൂതന്മാർ കയറുകയും മനുഷ്യപുത്രന്റെമേൽ ഇറങ്ങുകയും ചെയ്യുന്നതും”അവൻ കാണും എന്നു പറഞ്ഞു. ആരാണ് വലിയവൻ -ദൈവപുത്രനോ മനുഷ്യപുത്രനോ? യുക്ത്യാനുസൃതമായി പറഞ്ഞാൽ, മനുഷ്യപുത്രനെക്കാൾ വളരെ വലിയവൻ ദൈവപുത്രനാണെന്ന് എല്ലാവരും പറയും. ഞാൻ നിങ്ങളോട് ചോദിക്കട്ടെ, മനുഷ്യന്റെ പുത്രന്മാർ ആയിരിക്കുവാനാണോ, ദൈവത്തിന്റെ പുത്രന്മാർ ആയിരിക്കുവാനാണോ നിങ്ങൾ ഏറെ ഇഷ്ടപ്പെടുന്നത്? നിങ്ങൾ ദൈവപുത്രന്മാരായിരിക്കുവാൻ ആഗ്രഹിക്കുന്നു എന്ന് തീർച്ചയായും നിങ്ങൾ പറയും. ഒരു ദൈവപുത്രൻ ആയിരിക്കുവാൻ ഏവരും ആഗ്രഹിക്കുന്നു. നസറെത്തിൽ നിന്നുള്ള ഒരു ചെറിയ മനുഷ്യനായ യേശു ദൈവപുത്രനാണ് എന്ന് നഥനയേൽ തിരിച്ചറിഞ്ഞത് തീർച്ചയായും വളരെ അത്ഭുതകരമായിരുന്നു. എന്നിരുന്നാലും, യേശു ഉടൻ മറുപടി പറഞ്ഞത് താൻ മനുഷ്യപുത്രനാകുന്നു എന്നാണ്. മനുഷ്യർ അവനെ മഹാനാക്കുവാൻ ശ്രമിച്ചുവെങ്കിലും അവൻ ചെറിയവനായി നിലകൊള്ളുവാൻ ഇഷ്ടപ്പെടുന്നു.

ഏതാണ് കൂടുതൽ പ്രധാനം-യേശു ദൈവപുത്രനായിരിക്കുന്നതോ, അതോ മനുഷ്യപുത്രനായിരിക്കുന്നതോ? ഉത്തരം പറയുന്നതിൽ ശ്രദ്ധിക്കുന്നില്ലെങ്കിൽ, നിങ്ങൾ ദുരുപദേശത്തിൽ, അകപ്പെട്ടുപോയേക്കാം. എത്രയോ ബുദ്ധിമുട്ടാണ് ഇങ്ങനെ ഒരു ചോദ്യത്തിന് ഉത്തരം നൽകുവാൻ! കർത്താവ് ദൈവപുത്രനും മനുഷ്യപുത്രനും ആണ്. അവൻ ദൈവപുത്രൻ അല്ലായിരുന്നുവെങ്കിൽ, അവന് നമ്മുടെ ജീവൻ ആയിരിക്കുവാൻ ഒരിക്കലും കഴിയുകയില്ലായിരുന്നു. അവൻ മനുഷ്യപുത്രൻ അല്ലായിരുന്നുവെങ്കിൽ, അവന് ദൈവത്തിന്റെ കെട്ടുപണിയുടെ സാരാംശം ആയിരിക്കുവാൻ ഒരിക്കലും കഴിയുകയില്ലായിരുന്നു. ദൈവപുത്രൻ ജീവനുവേണ്ടിയും, മനുഷ്യപുത്രൻ കെട്ടുപണിക്കുവേണ്ടിയും ആണ്. നമുക്ക് ജീവൻ ലഭിക്കുന്നതിനു മുമ്പ്, യേശു മനുഷ്യപുത്രൻ ആണെന്ന് വിശ്വസിക്കുവാൻ വേദപുസ്തകം ആവശ്യപ്പെടുന്നില്ല. ജീവനുണ്ടാകുവാനായി യേശു ദൈവപുത്രൻ ആണെന്ന് നാം വിശ്വസിക്കണം. ചെറിയവനായ നസറായനായ യേശു ദൈവപുത്രൻ ആണെന്ന് നാം എല്ലാവരും വിശ്വസിക്കണം. ഇത് നാം വിശ്വസിച്ചാൽ, നമുക്ക് നിത്യജീവനുണ്ട്. നാം നിത്യജിവൻ സ്വീകരിച്ചതിനുശേഷം, ഈ യേശു ദൈവപുത്രൻ മാത്രമല്ല, മനുഷ്യപുത്രൻ കൂടിയാണ് എന്നും നാം മനസ്സിലാക്കണം. അവന്റെ ദിവ്യത്വം നമുക്ക് ജീവനാണ്. എന്നാൽ അവന്റെ മനുഷ്യത്വം ദൈവത്തിന്റെ കെട്ടുപണിക്കു വേണ്ടിയുള്ളതാണ്. ദൈവത്തിന്റെ കെട്ടുപണിക്ക് അവന്റെ മനുഷ്യത്വം ആവശ്യമാണ്. നമുക്ക് യേശുവിനെ ദൈവപുത്രനായി ആവശ്യമാണ്. എന്നാൽ ദൈവത്തിന് അവനെ മനുഷ്യപുത്രനായാണ് ആവശ്യം.

നമുക്ക് യേശു ദൈവപുത്രനാണ്; എന്നാൽ ദൈവത്തിനും പിശാചായ സാത്താനും യേശു മനുഷ്യപുത്രനാണ്. യേശു ദൈവപുത്രനായിരിക്കുന്നത് പിശാച് ഭയപ്പെടുന്നില്ല. യേശു മനുഷ്യപുത്രനായിരിക്കുന്നത് അവൻ ഭയപ്പെടുന്നു. യേശു അനേക തവണ ജനത്തിൽ നിന്ന് ഭൂതങ്ങളെ പുറത്താക്കിയപ്പോൾ ഭൂതങ്ങൾ അവനെ ദൈവപുത്രനെന്ന് സംബോധന ചെയ്യുകയും യേശു അവരെ നിശ്ശബ്ദരാക്കുകയും ചെയ്തു, കാരണം അവരുടെ മുമ്പിൽ, അവൻ മനുഷ്യപുത്രനായാണ് പ്രവർത്തിച്ചിരുന്നത്(മത്താ.8:29; മർക്കൊ.3:11-12). മരുഭൂമിയിൽ പിശാച്, യേശുവിനെ പ്രലോഭിപ്പിച്ചുകൊണ്ട് “നീ ദൈവപുത്രനെങ്കിൽ ഈ കല്ലുകളെല്ലാം അപ്പമായി തീരുവാൻ കല്പിക്ക”(മത്താ.4:3)എന്നു പറഞ്ഞപ്പോൾ യേശു മനുഷ്യപുത്രനെന്ന തന്റെ സ്ഥാനം ഉപേക്ഷിക്കുവാനുള്ള പ്രലോഭനത്തെ തടഞ്ഞുകൊണ്ട് പറഞ്ഞു. “മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ജിവിക്കുന്നത്”(മത്താ.4:4). യേശു മനുഷ്യനെന്ന തന്റെ സ്ഥാനം നിലനിർത്തി. സാത്താൻ ദൈവപുത്രനെയല്ല ഭയക്കുന്നത്. അവൻ ഭയക്കുന്നത് മനുഷ്യനെയാണ്.

എന്തുകൊണ്ടാണ് സാത്താൻ മനുഷ്യനെ ഭയക്കുന്നത്? എന്തെന്നാൽ ദൈവം, തന്റെ വ്യവസ്ഥയിൽ, മനുഷ്യൻ സാത്താനെ പരാജയപ്പെടുത്തുമെന്ന് തീരുമാനിച്ചിരിക്കുന്നു.

ദൈവം തന്നിൽതന്നെ നിവസിക്കുവാൻ ഉദ്ദേശിക്കുന്നില്ല. ദിവ്യത്വത്തിന് ദൈവത്തിന്റെ നിവാസമാകുവാൻ കഴിയുകയില്ല. തന്റെ വ്യവസ്ഥയിൽ ദൈവത്തിന്റെ ഉദ്ദേശ്യം മനുഷ്യത്വത്തിൽ വസിക്കുക എന്നതാണ്. ദൈവത്തിന്റെ ഉദ്ദേശ്യം തന്റെ ശത്രുവായ സാത്താനെ മനുഷ്യൻ പരാജയപ്പെടുത്തുകയും മനുഷ്യത്വത്തെ തന്റെ നിവാസമാക്കി മാറ്റുകയും ചെയ്യുക എന്നതാണ്. അതുകൊണ്ട്, സാത്താന്റെ പരാജയത്തിനും, ദൈവത്തിന്റെ നിവാസത്തിനും മനുഷ്യത്വം ആവശ്യമാണ്. കർത്താവായ യേശു ദൈവപുത്രൻ മാത്രമായിരുന്നുവെങ്കിൽ, മനുഷ്യനിലേക്ക് ജീവൻ പകരുവാൻ മാത്രമേ അവന് യോഗ്യത ഉണ്ടാകുമായിരുന്നുള്ളൂ. ശത്രുവിനെ പരാജയപ്പെടുത്തുവാനോ ദൈവത്തിന്റെ നിവാസമാകുവാനോ ഉള്ള ഒരു സാരാംശവും അവന് ഉണ്ടാകുമായിരുന്നില്ല. കർത്താവ്, നമുക്ക് ജീവനുണ്ടാകുവാൻ ദൈവപുത്രനും, ദൈവത്തിന്റെ നിവാസമാകുവാൻ മനുഷ്യപുത്രനും ആകയാൽ അവനെ സ്തുതിക്കാം.

കഴിഞ്ഞകാല നിത്യതയിൽ ദൈവത്തിന് മനുഷ്യത്വം എന്ന നിവാസം ഉണ്ടായിരുന്നുവോ? തീർച്ചയായും ഇല്ല എന്നാണ് ഉത്തരം. യെശയ്യാവ് 66:1-ൽ, ദൈവം ഇപ്രകാരം പറയുന്നു:"സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവുമാകുന്നു. എന്റെ വിശ്രാമസ്ഥലവും ഏത്?" ദൈവത്തിന്റെ വാസസ്ഥലം സ്വർഗ്ഗമാണ് എന്ന് കരുതപ്പെടുന്നു(ആവ.26:15; 1 രാജ.8:49; സങ്കീ.33:13-14; യെശ.63:15); എന്നാലും ദൈവം അരുളിച്ചെയ്യുന്നു,"എവിടെയാണ് എന്റെ വിശ്രാമസ്ഥലം?"ദൈവം നേടിയ മനുഷ്യനാണ് അവന്റെ വിശ്രാമസ്ഥലം (യെശ.57:15;66:2). ഇന്ന് ദൈവം സ്വർഗ്ഗത്തിൽ വസിക്കുന്നു. എന്നാൽ പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും നിത്യതയിൽ അവന്റെ വാസസ്ഥലം സ്വർഗ്ഗം ആയിരിക്കയില്ല. പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരുന്നതായ അവന്റെ എല്ലാ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരും ഉള്ളതായ പുതിയ യെരുശലേം ആയിരിക്കും നിത്യതയിലെ ദൈവത്തിന്റെ വാസസ്ഥലം(വെളി.21:1-3). ദൈവത്തിന്റെ നിത്യനിവാസം എന്തായിരിക്കും? വീണ്ടും ജനിച്ചതും രൂപാന്തരപ്പെട്ടതും ഉയർത്തപ്പെട്ടതും പണിയപ്പെട്ടതും ആയ മനുഷ്യത്വമായിരിക്കും ഒടുവിൽ ദൈവത്തിന്റെ നിവാസമായിത്തീരുന്നത്. ദൈവം സ്വാഭാവിക മനുഷ്യത്വത്തിൽ അല്ല, വീണ്ടുംജനിച്ചതും രൂപാന്തരപ്പെട്ടതും ഉയർത്തപ്പെട്ടതും പണിയപ്പെട്ടതുമായ മനുഷ്യത്വത്തിലാണ് വസിക്കുന്നത്. ഈ മനുഷ്യത്വം ദിവ്യജീവനാൽ വീണ്ടുംജനിച്ചതും രൂപാന്തരപ്പെട്ടതും ഉയർത്തപ്പെട്ടതും ഏകോ

പിച്ചതും പണിയപ്പെട്ടതുമാണ്. ദിവ്യജീവൻ നമ്മുടെ മനുഷ്യത്വത്തെ നാം ദൈവത്തിന്റെ നിവാസമായിത്തീരുന്ന ഒരു തലം വരെയും ഉയർത്തും.

ക്രിസ്തുവിനെ ദൈവപുത്രനായും മനുഷ്യപുത്രനായും യോഹന്നാൻ ഒന്നാം അദ്ധ്യായം വെളിപ്പെടുത്തുന്നു. ദൈവത്തെ നമ്മിലേക്ക് നമ്മുടെ ജീവനായി പകരുവാൻ അവൻ ദൈവപുത്രനും ദൈവഭവനത്തിന്റെ, കെട്ടുപണിയുടെതന്നെ സാരാംശമായിരിക്കേണ്ടതിന് അവൻ മനുഷ്യപുത്രനുമാണ്. കഴിഞ്ഞകാല നിത്യതയിൽ മനുഷ്യത്വവും ദൈവത്തിന് നിവാസസ്ഥലവും ഇല്ലായിരുന്നു. എന്നാൽ വരുവാനുള്ള നിത്യതയിൽ മനുഷ്യത്വവും ദൈവത്തിന് നിവാസസ്ഥലവും ഉണ്ടായിരിക്കും.

Tue —— **C.കാലം എന്ന പാലത്തിൽ**

കാലത്തിന്റെ രണ്ടു ഘട്ടങ്ങൾ യോഹന്നാൻ ഒന്നാം അദ്ധ്യായം വെളിപ്പെടുത്തുന്നു. കഴിഞ്ഞകാല നിത്യതയിൽ മനുഷ്യത്വം ഇല്ലാതിരുന്ന ദൈവത്തിന് എങ്ങനെ വരുവാനുള്ള നിത്യതയിൽ തന്റെ നിവാസമായി മനുഷ്യത്വം ഉണ്ടായിരിക്കുവാൻ കഴിയും? ഇത് ഒരു രാത്രികൊണ്ട് സംഭവിക്കുകയില്ല. നിത്യതയുടെ ഈ രണ്ടു ഘട്ടങ്ങളുടെയും ഇടയിൽ കാലം എന്ന പാലമുണ്ട്. കഴിഞ്ഞകാല നിത്യതയിൽ ദൈവം പദ്ധതിയിടുകയും നിശ്ചയിക്കുകയും ചെയ്തുവെങ്കിലും, അവൻ ഒന്നും പ്രവർത്തിച്ചില്ല. വരുംകാല നിത്യതയിൽ ദൈവം ഒന്നും പ്രവർത്തിക്കുകയില്ല. കാരണം ആ സമയത്ത് എല്ലാം പൂർത്തീകരിക്കപ്പെട്ടിരിക്കും. വരുംകാല നിത്യതയിൽ അവൻ പൂർത്തീകരിക്കപ്പെട്ട തന്റെ വേല ആസ്വദിക്കുക മാത്രമായിരിക്കും ചെയ്യുന്നത്. കഴിഞ്ഞ കാല നിത്യതയിൽ അവൻ പദ്ധതിയിട്ടു, വരുംകാല നിത്യതയിൽ അവൻ ആസ്വദിക്കും. ദൈവം നിർവ്വഹിക്കേണ്ടതെല്ലാം കാലം എന്ന പാലത്തിൽ അവൻ നിർവഹിക്കുന്നു. നിത്യതയുടെ ആദ്യഘട്ടത്തിൽനിന്നും കാലത്തിന്റെ പാലത്തിലൂടെ നിത്യതയുടെ അവസാനഘട്ടത്തിലേക്ക് ദൈവം തന്റെ വ്യവസ്ഥ എന്ന വാഹനം ഓടിക്കുകയാണ്. കാലത്തിന്റെ പാലത്തിലൂടെ ഈ വാഹനം ഓടിച്ചുകൊണ്ട് ആവശ്യമുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കപ്പെടുന്നു. ദൈവം കഴിഞ്ഞകാല നിത്യതയിൽനിന്ന് കാലം എന്ന പാലത്തിലൂടെ വരുംകാല നിത്യതയിലേക്ക് യാത്ര ചെയ്തു കഴിയുമ്പോൾ അവൻ ഇങ്ങനെ പ്രഖ്യാപിക്കും, നിവൃത്തിയായി! വരുംകാല നിത്യതയിൽ ദൈവം നിവൃത്തിയായ തന്റെ വേല ആസ്വദിക്കും.

കാലം എന്ന ഈ പാലം എത്ര ദീർഘമാണ്? അതിന് ഏറെക്കുറെ ആറായിരം വർഷത്തെ ദൈർഘ്യം ഉണ്ടായിരിക്കും. കാലം എന്ന ഈ പാലത്തിൽ ദൈവം അഞ്ചുകാര്യങ്ങൾ നിർവ്വഹിക്കുന്നു. നമുക്ക്

അവ ഓരോന്നായി ക്രമത്തിൽ പരിഗണിക്കേണ്ടത് ആവശ്യമാണ്. നാം സൃഷ്ടിയോടുകൂടെ തുടങ്ങുന്നു.

### *1. സൃഷ്ടി*

3-ാം വാക്യം ഇപ്രകാരം പറയുന്നു,"സകലവും അവൻ മുഖാന്തരം ഉളവായി. ഉളവായത് ഒന്നും അവനെക്കൂടാതെ ഉളവായതല്ല." സൃഷ്ടി കാര്യങ്ങൾ ഉളവാക്കുന്നു. സൃഷ്ടിയുടെ അർത്ഥം ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കുക എന്നതാണ്(റോമ.4:17). ദൈവത്തെ ജീവനായി സ്വീകരിക്കുവാൻ ഒരു സ്വീകരണി ഉളവാക്കുക എന്നതാണ് സൃഷ്ടിയുടെ ഉദ്ദേശ്യം. സൃഷ്ടിയിലുള്ള കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുക: ആകാശവും ഭൂമിയും കോടിക്കണക്കിന് ഭൗതിക കാര്യങ്ങളും മനുഷ്യനും. എന്താണ് സൃഷ്ടിയിലെ ഏറ്റവും പ്രധാനപ്പെട്ട ഇനം? മനുഷ്യനെക്കാൾ പ്രധാനമായി ഒന്നും ഇല്ല. മനുഷ്യൻ വളരെ പ്രധാനപ്പെട്ട ഒരു വ്യക്തി, ഒരു V.I.P. ആണ്. വേദപുസ്തകപ്രകാരം ആകാശം ഭൂമിയ്ക്കുവേണ്ടിയും, ഭൂമി മനുഷ്യനുവേണ്ടിയും ആണ് (സെഖ.12:1). സകലവും മനുഷ്യനുവേണ്ടിയാണ്. ധാതുക്കളും സസ്യജീവനും ജന്തുജീവനും എല്ലാം മനുഷ്യനുവേണ്ടിയാണ്. വായുവും സൂര്യപ്രകാശവും മഴയും സസ്യജീവനെ സഹായിക്കുന്നു. സസ്യജീവൻ ജന്തുജീവനുവേണ്ടിയും, സസ്യജീവനും ജന്തുജീവനും, മനുഷ്യനുവേണ്ടിയും ആണ്. ഭൂമിയിലെ സകല ജീവജാലങ്ങളും മനുഷ്യനുവേണ്ടിയാണ്. ഈ എല്ലാ കാര്യങ്ങളും തനിക്കുവേണ്ടി ആയിരിക്കുന്ന മനുഷ്യൻ ദൈവത്തിനുവേണ്ടി, ദൈവത്തെ സ്വീകരിക്കുവാനും, ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുവാനുമായി ആണ്. ദൈവത്തിന്റെ ശരിയായ സ്വീകരണിയായി മനുഷ്യന്റെ ഉള്ളിൽ ഒരാത്മാവുണ്ട്. അവന്റെ സൃഷ്ടിപ്പിൽ, ദൈവം ആകാശത്തെ ഭൂമിക്കുവേണ്ടിയും, ഭൂമിയെ മനുഷ്യനുവേണ്ടിയും, ദൈവത്തെ തന്റെ ജീവനായി സ്വീകരിക്കുവാൻ സ്വീകരണിയായ ആത്മാവുള്ളവനായി മനുഷ്യനെയും ഉളവാക്കി.

മനുഷ്യനാണ് പ്രപഞ്ചത്തിന്റെ കേന്ദ്രം. പ്രപഞ്ചത്തിന്റെ കേന്ദ്രമായ മനുഷ്യന് ഭക്ഷിക്കുവാനും വിളിച്ചപേക്ഷിക്കുവാനും ഒരു വായ് ഉണ്ട്. ഭക്ഷിക്കലാണ് നമ്മുടെ ദൈനംദിന ജീവിതചര്യയിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഒരു വ്യക്തി എത്ര തിരക്കേറിയവനായാലും ദിവസേന ഭക്ഷിക്കുവാനായി അവൻ സമയം കണ്ടെത്തും. മിക്കവരും ഒരു ദിവസം പല പ്രാവശ്യം ഭക്ഷിക്കുന്നു. ദൈനംദിന ജീവിതചര്യയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഭക്ഷിക്കലാണെന്ന് പറയുവാൻ ലജ്ജിക്കേണ്ടതില്ല. ഞാൻ നല്ലവണ്ണം ഭക്ഷിക്കുന്നവനാണ്. ഞാൻ ഭൗതികഭക്ഷണവും ക്രിസ്തുവാകുന്ന ആത്മീയ ഭക്ഷണവും കഴിക്കുന്നു. "കർത്താവായ യേശുവേ"എന്നു വിളിച്ചപേക്ഷിച്ചുകൊണ്ട് ഞാൻ കർത്താവിനെ ഭക്ഷിക്കുന്നു. കർത്താവിനെ ഭക്ഷിക്കുന്നത് ഒരു പ്രധാന

കാര്യമാണ്. നിശബ്ദരായ ക്രിസ്ത്യാനികളെല്ലാം പട്ടിണിമൂലം മരിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ വർഷങ്ങളായി അത്തരമൊരു മൂകനായ നിശബ്ദനായ ക്രിസ്ത്യാനിയായിരുന്നു. ഞാൻ ഏതാണ്ട് മരിച്ചിരുന്നു. എന്നാൽ ഇന്ന് ഞാനൊരു ഭക്ഷിക്കുന്ന ക്രിസ്ത്യാനിയാണ്. ഞാൻ കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചുകൊണ്ട് ഭക്ഷിക്കുന്നു. ദൈവം നമ്മെ ആത്മാവും വായും ഉള്ളവരായി സൃഷ്ടിച്ചിരിക്കുന്നു: അത് നാം അവനെ നമ്മുടെ ജീവനായി സ്വീകരിക്കുവാനാണ്.

ദൈവത്തിന്റെ സൃഷ്ടിപ്പിനായി നിങ്ങൾ എപ്പോഴെങ്കിലും അവനെ സ്തുതിച്ചിട്ടുണ്ടോ? നിങ്ങൾ ഇങ്ങനെ പറയണം,"ദൈവമേ, എന്റെ സ്രഷ്ടാവേ, ആകാശങ്ങളെയും ഭൂമിയെയും അതിലുള്ള എല്ലാത്തിനെയും സൃഷ്ടിച്ചതിനായി ഞാൻ നിനക്ക് നന്ദി പറയുന്നു. എന്നെ സൃഷ്ടിച്ചതിനായി ഞാൻ നിനക്ക് നന്ദി പറയുന്നു. നീ എന്നെ ആത്മാവും വായും ഉള്ളവനായി സൃഷ്ടിച്ചതിനായി, ഞാൻ നിനക്ക് നന്ദി പറയുന്നു. അനേക ക്രിസ്ത്യാനികളും ദൈവം അവരെ ആത്മാവും വായും ഉള്ളവരായി സൃഷ്ടിച്ചതിനായി ഒരിക്കലും നന്ദി പറഞ്ഞിട്ടില്ല.

റോമർ 8:16 നമ്മുടെ ആത്മാവിന്റെ പ്രാധാന്യത്തെയും, റോമർ 10:9-10 നമ്മുടെ വായുടെ പ്രാധാന്യത്തെയും കാണിക്കുന്നു. നീതീകരണം നമ്മുടെ ഹൃദയവുമായി ബന്ധപ്പെട്ടിരിക്കുന്നു; രക്ഷ നമ്മുടെ വായോട് ബന്ധപ്പെട്ടിരിക്കുന്നു. വിശ്വസിക്കുന്ന ഹൃദയം മാത്രമേ ആവശ്യമുള്ളൂ എന്ന് പല ക്രിസ്ത്യാനികളും പറയുമെങ്കിലും, നമുക്ക് ഒരു വായും ആവശ്യമാണെന്ന് റോമർ 10 വ്യക്തമാക്കുന്നു. നാം നമ്മുടെ ഹൃദയംകൊണ്ട് വിശ്വസിക്കുകയും, വായ് കൊണ്ട് കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുകയും ചെയ്യണം. നിങ്ങൾ"കർത്താവായ യേശുവേ"എന്നു വിളിക്കുന്തോറും നിങ്ങൾ രക്ഷ പ്രാപിക്കുന്നു. എന്തുകൊണ്ടാണ് നിങ്ങൾ വളരെ ബലഹീനൻ ആയിരിക്കുന്നത്? കാരണം നിങ്ങൾ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നില്ല. നിങ്ങൾ അവനെ വിളിച്ചപേക്ഷിച്ചാൽ നിങ്ങൾ ശക്തി പ്രാപിക്കും. പല ക്രിസ്ത്യാനികൾക്കും അവരുടെ ബലഹീനതകളെക്കുറിച്ച് പറയുവാനേ അറിയൂ. അവർ ബലഹീനരാകുന്നതിന്റെ കാരണം അവരുടെ അധരങ്ങളും അവരുടെ നാവും കർത്താവിന്റെ നാമത്തെ ഏറ്റു പറയുവാൻ ഉപയോഗിക്കാതിരിക്കുന്നതാണെന്ന് അവർ മനസ്സിലാക്കുന്നില്ല. "യേശുക്രിസ്തു കർത്താവ് എന്ന് എല്ലാ നാവും ഏറ്റു പറയും"(ഫിലി.2:11). എല്ലാ ക്രിസ്താനികളും"കർത്താവായ യേശുവേ"എന്ന് നിരന്തരമായി പറഞ്ഞാൽ സാത്താൻ ഉടൻതന്നെ തീപ്പൊയ്കയിൽ തള്ളപ്പെടും. നമ്മുടെ ആത്മാവിനും നമ്മുടെ വായ്ക്കും വേണ്ടി ഹല്ലേലൂയ്യാ! നമുക്ക് ഉള്ളിൽ ഒരു ആത്മാവും

പുറമേ ഒരു വായും ഉണ്ട്. നമ്മുടെ ആത്മാവും, നമ്മുടെ വായും നമ്മുടെ മുഴുവൻ ആളത്തവും വന്നത് ദൈവത്തിന്റെ സൃഷ്ടിയാലാണ്. അവന്റെ സൃഷ്ടിപ്പിനായി നാം എത്രമാത്രം ദൈവത്തെ ആരാധിക്കണം! നമ്മെ സൃഷ്ടിച്ചതിന് നാം അവന് നന്ദി പറയുവാൻ കടപ്പെട്ടിരിക്കുന്നു. കർത്തൃമേശയിൽപോലും നാം അവന്റെ സൃഷ്ടിപ്പിനായി നന്ദി പറയേണ്ടത് ആവശ്യമാണ്. സൃഷ്ടിപ്പായിരുന്നു സമയം എന്ന പാലത്തിലെ ഒന്നാമത്തെ കാര്യം.

Wed

### *2. ജഡാവതാരം*

#### *a. ദൈവത്തെ തന്റെ സൃഷ്ടിയിലേക്ക്, മനുഷ്യനിലേക്ക് കൊണ്ടുവരുന്നതിന്*

രണ്ടാമത്തെ വിഷയം ജഡാവതാരമായിരുന്നു. ദൈവത്തിന് ജഡാവതരമെടുക്കുവാൻ സൃഷ്ടിപ്പ് അല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലായിരുന്നു. സൃഷ്ടിപ്പ് അവന് വഴിയൊരുക്കുകയും ജഡാവതാരത്തിനുള്ള മുഖാന്തരം ഉളവാക്കുകയും ചെയ്തു. സൃഷ്ടിപ്പ് കാര്യങ്ങളെ ഉളവാക്കി. ജഡാവതാരം ദൈവത്തെ അവന്റെ സൃഷ്ടിയിലേക്ക് കൊണ്ടുവന്നു. ആദാമിനെ സൃഷ്ടിച്ചശേഷം ജഡാവതാരത്തിനു മുമ്പ് ഏകദേശം നാലായിരം വർഷം ദൈവം കാത്തിരുന്നു. ഒരു ദിവസം, അവൻ ജഡമായി അവതരിച്ചു. അങ്ങനെ തന്നിൽ ദൈവം ഉള്ളവനായി ഒരു ചെറിയ മനുഷ്യനായ യേശു ഭൂമിയിൽ ഉണ്ടായിരുന്നു. ദൈവം ആ മനുഷ്യനിലേക്കു പണിതു ചേർക്കപ്പെട്ടു. ഏറ്റവും മഹത്തായ ഒരു അത്ഭുതമായിരുന്നു അത്. ജഡാവതാരത്തിലൂടെ, ദൈവം മനുഷ്യവർഗ്ഗത്തിലേക്കു ആനയിക്കപ്പെടുകയും, മനുഷ്യനുമായി ഒന്നായിത്തീരുകയും ചെയ്തു. ദിവ്യത്വവും മനുഷ്യത്വവും ഒരു ഘടകമായിത്തീർന്നു.

കഴിഞ്ഞകാല നിത്യതയ്ക്കും വരുവാനുള്ള നിത്യതയ്ക്കും മദ്ധ്യേ ഒരു ഇടവേളയുണ്ട്; അത് നീണ്ടുകിടക്കുന്ന കാലം എന്ന പാലമാണ്. കാലം എന്നു വിളിക്കപ്പെടുന്ന ഈ പാലത്തിൽ സകല സൃഷ്ടിക്കും കാരണഭൂതനായ ദൈവവചനമായ ക്രിസ്തു, ഒരു മനുഷ്യനായി അവതരിച്ചു. കാലം എന്ന പാലത്തിലെ ആദ്യത്തെ സംഭവം സൃഷ്ടിയും, രണ്ടാമത്തെ സംഭവം ജഡാവതാരവുമായിരുന്നു. സൃഷ്ടി എന്നാൽ ഇല്ലാത്തവയെ വചനം മുഖാന്തരം ഉളവാക്കുക എന്നാണർത്ഥം. സൃഷ്ടിക്കു മുമ്പ് ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ ക്രിസ്തുവിന്റെ സൃഷ്ടിപ്പിനാൽ സകലവും നിലവിൽവന്നു. ദൈവം തന്റെ സൃഷ്ടിയിലേക്ക് വരുന്നതാണ് ജഡാവതാരം. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട സകലവും തികഞ്ഞതും നല്ലതും ആയിരുന്നു. എങ്കിലും ഒരു സൃഷ്ടിയും ദൈവവുമായി ചേർക്കപ്പെട്ടിരുന്നില്ല. എന്നാൽ ജഡാവതാരത്തിനുള്ള ഒരു പ്രാരംഭപടിയായിരുന്നു സൃഷ്ടി. ദൈവം ആദ്യം സകല സൃഷ്ടിയെയും അസ്തിത്വത്തിലേക്ക് കൊണ്ടുവന്നത്, അവന് പിന്നീട് തന്റെ സൃഷ്ടിയുമായി ഒന്നാകുവാൻ വേണ്ടിയായിരുന്നു.

ഇക്കാരണത്താലായിരുന്നു ദൈവം ആകാശത്തെയും ഭൂമിയെയും പ്രപഞ്ചത്തിന്റെ കേന്ദ്രമായി മനുഷ്യനെയും സൃഷ്ടിച്ചത്. താൻതന്നെ അതിനോടൊന്നായിച്ചേരുംവിധം സൃഷ്ടിയെ ഒരുക്കത്തക്കവണ്ണം അത് അവന്റെ രൂപകൽപനയായിരുന്നു."വചനം ജഡമായിത്തീർന്നു"എന്നതിന്റെ അർത്ഥം ജഡാവതാരത്തിലൂടെ ദൈവം തന്നെ ത്തന്നെ തന്റെ സൃഷ്ടിയുമായി ഒന്നാക്കി എന്നാണ്. ജഡാവതാരത്തിൽ ദൈവം ധരിച്ച ജഡം അവന്റെ കൂടാരമായിത്തീർന്നു(1:14). ഈ കൂടാരം ഒരു ചെറിയ അളവിൽ ദൈവത്തിന്റെ കെട്ടുപണി ആയിരുന്നു, ഇത് നിത്യതയിൽ ദൈവത്തിന്റെ കൂടാരമായ പുതിയ യെരുശലേമിന്റെ ഒരു ലഘുരൂപമായിരുന്നു(വെളി.21:2-3). സൃഷ്ടിയിലൂടെ ദൈവം പ്രപഞ്ചത്തിലുള്ള സകലത്തെയും അസ്തിത്വത്തിലേക്കു കൊണ്ടുവന്നു; ജഡാവതാരത്തിലൂടെ സൃഷ്ടിയുടെ കേന്ദ്രമായ മനുഷ്യനുമായി അവൻ ഇഴുകിച്ചേർന്നു. സൃഷ്ടിപ്പിലും ജഡാവതാരത്തിലുമുള്ള ദൈവത്തിന്റെ ഉദ്ദേശ്യം അവൻതന്നെ മനുഷ്യത്വവുമായി ഇഴുകിച്ചേരുകയും, മനുഷ്യത്വത്തെ തന്റെ ജീവനുള്ള വാസസ്ഥലം ആക്കിത്തീർക്കുകയും ചെയ്യുക എന്ന തന്റെ ആഗ്രഹം നിറവേറ്റുക എന്നത് ആയിരുന്നു. തന്റെ നിവാസം എന്ന നിലയിൽ സ്വർഗ്ഗം അവനെ സംതൃപ്തനാക്കുന്നില്ല. ജീവനുള്ള മനുഷ്യരുമായി ജീവനുള്ള ഒരു നിവാസമുണ്ടാക്കുവാൻ അവൻ ആഗ്രഹിക്കുന്നു. അങ്ങനെ, അവൻ മനുഷ്യനെ ഈ പ്രപഞ്ചത്തിൽ ജീവനുള്ള അവന്റെ വാസസ്ഥലമാക്കുന്നതിന് തന്റെ സൃഷ്ടിയുടെ കേന്ദ്രമായി സൃഷ്ടിക്കുകയും ജഡാവതാരത്തിലൂടെ മനുഷ്യനുമായി സ്വയം ഇഴുകിച്ചേരുകയും ചെയ്തു.

### *b. ദൈവത്തെ പ്രസ്താവിക്കുന്നതിന്*

ജഡാവതാരം ദൈവത്തെ തന്റെ സൃഷ്ടിയിലേക്ക് കൊണ്ടുവരുവാൻ മാത്രമല്ല, വചനത്തിലും ജീവനിലും വെളിച്ചത്തിലും കൃപയിലും സത്യത്തിലും മനുഷ്യന് ദൈവത്തെ പ്രസ്താവിക്കുവാനും ഉള്ളതാണ്. ജഡാവതാരത്തിൽ വചനം, അതായത്, ദൈവമായ ക്രിസ്തു ജഡമായിത്തീർന്നു. മനുഷ്യൻ ദൈവത്തെ മനസ്സിലാക്കത്തക്കവണ്ണം ആവിഷ്കരിക്കപ്പെട്ടതും വിശദീകരിക്കപ്പെട്ടതും നിർവ്വചിക്കപ്പെട്ടതും ആയ വചനം ആണ് ദൈവം. മനുഷ്യൻ തന്നെ സ്വീകരിക്കത്തക്കവണ്ണം പകരപ്പെട്ട ദൈവം ആണ് ജീവൻ. മനുഷ്യൻ പ്രകാശിക്കപ്പെട്ട് ദൈവത്തെ ഗ്രഹിക്കുന്നതിന് ദൈവം പ്രകാശിക്കുന്നതാണ് വെളിച്ചം. മനുഷ്യന് ദൈവത്തിന്റെ സമ്പത്തിൽ പങ്കാളിയാകുവാൻ മനുഷ്യൻ ആസ്വദിക്കുന്ന ദൈവമാണ് കൃപ. യാഥാർത്ഥ്യമായി മനുഷ്യന് ദൈവത്തെ ലഭിക്കുന്നതിന്, മനുഷ്യൻ അനുഭവിച്ചറിയുന്ന ദൈവമാണ് സത്യം. മൊത്തത്തിൽ, മനുഷ്യന് ദൈവത്തെ എല്ലാമായി പങ്കുപറ്റുന്നതിനും ആസ്വദിക്കുന്നതിനും ഈ അഞ്ചു കാര്യങ്ങളിലൂടെ ദൈവം പൂർണ്ണമായി അവനോട് പ്രസ്താവിക്കപ്പെടുന്നു.

### *3. വീണ്ടെടുപ്പ്*

കാലം എന്ന പാലത്തിലെ മൂന്നാമത്തെ വിഷയം വീണ്ടെടുപ്പാണ്. മുപ്പത്തിമൂന്നര വർഷം ഭൂമിയിൽ ജീവിച്ചതിനു ശേഷം, കർത്താവ് ദൈവത്തിന്റെ കുഞ്ഞാടായി ക്രൂശിലേക്കു പോയി. ദൈവത്തിന്റെ കുഞ്ഞാട് വീണ്ടെടുപ്പിനുവേണ്ടിയാണ്. വീണ്ടെടുപ്പിലൂടെ, കർത്താവ് വീണുപോയ മനുഷ്യനെ പ്രത്യുദ്ധരിക്കുകയും പാപത്തിൽനിന്ന് അവനെ വേർപെടുത്തുകയും ചെയ്തു. വീണ്ടെടുപ്പ് മുഖാന്തരം, ദൈവം പാപം നീക്കുക മാത്രമല്ല, പഴയ സൃഷ്ടിയെ മുഴുവനും അവസാനിപ്പിക്കുകയും ചെയ്തു. ക്രൂശിൽ തറയ്ക്കപ്പെട്ടവനായ ആ യേശുതന്നെ പഴയ സൃഷ്ടിയെയും തന്നോടൊപ്പം കല്ലറയിലേക്കു കൊണ്ടുപോയി. അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റപ്പോൾ, പഴയ സൃഷ്ടിയെ കല്ലറയിൽ ഉപേക്ഷിക്കുകയും പുതിയ സൃഷ്ടിയുടെ തലയായി പുനരുത്ഥാനത്തിൽ പുറത്തുവരുകയും ചെയ്തു.

### *4. അഭിഷേകം*

അഭിഷേകം വീണ്ടെടുപ്പിനു പിന്നാലെ വരുന്നു. അഭിഷേകം വരുന്നത്, കുഞ്ഞാടിന്റെ തുടർച്ചയായ, ആത്മാവായ പ്രാവ് മുഖാന്തരം ആണ്. കുഞ്ഞാട് പാപത്തെ നീക്കുകയും പഴയ സൃഷ്ടിയെ അവസാനിപ്പിക്കുകയും ചെയ്തു. ആത്മാവായ പ്രാവ് വീണ്ടുംജനിപ്പിക്കുവാനും ജീവൻ പകരുവാനും രൂപാന്തരപ്പെടുത്തുവാനും ഐക്യപ്പെടുത്തുവാനും കെട്ടുപണിയുവാനും വന്നിരിക്കുന്നു. ആത്മാവായ പ്രാവ് സൃഷ്ടിക്കപ്പെട്ട മനുഷ്യനെ വീണ്ടുംജനിപ്പിക്കുകയും സ്വാഭാവിക മനുഷ്യനെ രൂപാന്തരപ്പെടുത്തുകയും രൂപാന്തരപ്പെട്ട മനുഷ്യനെ ഐക്യപ്പെടുത്തുകയും ചെയ്യുന്നു. നാം ഈ മൂന്നു അവസ്ഥകളിൽ ഏതെങ്കിലും ഒന്നിലായിരിക്കാം. നാം വീണ്ടുംജനനം ആവശ്യമുള്ള സൃഷ്ടിക്കപ്പെട്ട ഒരുവനായിരിക്കാം. നാം വീണ്ടുംജനിച്ചവനും, എന്നാൽ ഇപ്പോഴും വളരെ സ്വാഭാവികനും രൂപാന്തരം ആവശ്യമുള്ളവനായ മനുഷ്യനും ആയിരിക്കാം. നാം രൂപാന്തരപ്പെട്ടവനും, എന്നാൽ ഇപ്പോഴും വേറിട്ടു നിൽക്കുന്നവനും വ്യക്തിപരതയുള്ളവനും മറ്റുള്ളവരുമായി ഐക്യം ആവശ്യമുള്ളവനും ആയിരിക്കാം. നാം ശരിയായി രൂപാന്തരപ്പെട്ടവരാണെങ്കിൽ, മറ്റുള്ളവരുമായി ഐക്യ പ്പെടുവാൻ നാം സന്നദ്ധരായിരിക്കും. അതുകൊണ്ട്, ഒന്നാമത്, നാം വീണ്ടും ജനിക്കേണ്ടതുണ്ട്. രണ്ടാമത്, നാം രൂപാന്തരപ്പെടേണ്ടതുണ്ട്. മൂന്നാമത്, നാം കെട്ടുപണിക്കായി മറ്റുള്ളവരുമായി ഐക്യപ്പെടുകയും വേണം. ആത്മാവായ പ്രാവ് വീണ്ടുംജനിപ്പിക്കുകയും രൂപാന്തരപ്പെടുത്തുകയും ഐക്യപ്പെടുത്തുകയും ചെയ്യുന്നു. നാം എല്ലാവരും ആത്മാവായ പ്രാവിന്റെ അഭിഷേകത്തിൻ കീഴിലാണ്. നാം ഇത് തിരിച്ചറിയുന്നില്ലെങ്കിലും, അല്ലെങ്കിൽ ഇതിനെക്കുറിച്ച് അറിവില്ലാത്തവർ

ആണെന്നുവരികിലും, കർത്താവ് നമ്മെ രൂപാന്തരപ്പെടുത്തുവാൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

Thu — കർത്താവിന്റെ ജനമെല്ലാം ഒടുവിൽ രൂപാന്തരപ്പെടുമെന്ന് എനിക്ക് പൂർണ്ണമായ ഉറപ്പുണ്ട്. ഇപ്പോൾ അല്ലെങ്കിൽ പിന്നീട്, നാം എല്ലാവരും രൂപാന്തരപ്പെടും. രൂപാന്തരം നമ്മെയല്ല, അവനെ ആശ്രയിച്ചിരിക്കുന്നു. അവൻ നമ്മെ തിരഞ്ഞെടുക്കുകയും മുൻനിയമിക്കുകയും ചെയ്തു. നമുക്ക് അവനിൽനിന്ന് സ്വതന്ത്രരാകുവാൻ കഴിയുകയില്ല. സ്വതന്ത്രരാകുവാൻ ശ്രമിക്കുകയാണെങ്കിൽ, നാം വെറുതെ നമ്മുടെ സമയം നഷ്ടപ്പെടുത്തുകയും അവനെ അല്പമായി വിഷമിപ്പിക്കുകയും ചെയ്യും. അവനെ വൈകിപ്പിക്കുവാൻ നിങ്ങൾക്ക് കഴിയും എന്നുപോലും പറയരുത്. എന്തെന്നാൽ, അവന് ആയിരം സംവത്സരം ഒരു ദിവസം പോലെയാണ്. നിങ്ങളോട് ക്ഷമ കാണിക്കുവാൻ അവന് എളുപ്പമാണ്. ഒടുവിൽ, എല്ലാ സഹോദരീസഹോദരന്മാരും രൂപാന്തരപ്പെടും. നാം പുതിയ യെരുശലേമിൽ പ്രവേശിക്കുമ്പോൾ എല്ലാവരും സൂര്യകാന്തം, വിലയേറിയ കല്ല്, ആണെന്ന് നാം കാണും (വെളി.21:11).

കർത്താവ് യഥാർത്ഥത്തിൽ ഒരു രൂപാന്തരവേല നമ്മിൽ ചെയ്യുന്നു. അവൻ ഒരു വലിയ കഴുകനല്ല, ഒരു ചെറിയ പ്രാവ്, ജീവൻ നൽകുന്ന ആത്മാവ് ആണ്(1 കൊരി.15:45). ഈ ചെറിയ പ്രാവ് ചെറിയ കുഞ്ഞാടിന്റെ തുടർച്ചയാണ്. കുഞ്ഞാട് ക്രൂശിൽ മരിച്ചതുകൊണ്ട്, പ്രാവിന് ഇപ്പോൾ പുനരുത്ഥാനത്തിൽ അവന്റെ വേലയുടെ ഊഴം ഉണ്ട്. ദിനംപ്രതി ജീവൻ പകരുന്ന ആത്മാവ് എന്ന നിലയിൽ ചെറിയ പ്രാവ് നിങ്ങളുടെ ഉള്ളിൽ സംസാരിക്കുകയും, നിങ്ങളെ ശാസിക്കുകയും, നിങ്ങളുടെ ഹൃദയത്തെ അല്ലെങ്കിൽ മനസ്സാക്ഷിയെ സ്പർശിക്കുകയും ചെയ്യുന്നു. ചിലപ്പോൾ നിങ്ങൾ ഒരു ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ ആയിരിക്കുന്ന സമയത്ത്, പ്രാവ് നിങ്ങളെ ഉള്ളത്തിൽ അലട്ടിക്കൊണ്ടിരിക്കും. ഒരു വലിയ അനുഭവമോ, അല്ലെങ്കിൽ പെട്ടെന്നുള്ള മാറ്റമോ പ്രതീക്ഷിക്കരുത്. ചെറിയ പ്രാവ് എല്ലാ സമയവും നിങ്ങളുടെ ഉള്ളിൽ ചലിക്കുകയും പ്രവർത്തിക്കുകയും ചെയ്യും എന്ന് പ്രതീക്ഷിക്കുക. നാം സ്വതന്ത്രരാകുവാൻ കഴിയാത്തതായ ഒരു പ്രക്രിയയിൽ അകപ്പെട്ടിരിക്കുന്നു. ഈ അകപ്പെടൽ തുടർച്ചയായതും സ്ഥിരമായതുമാകുന്നു. ഒരർത്ഥത്തിൽ, നമുക്ക് ആന്തരിക വിശ്രമമുണ്ട്. മറ്റൊരർത്ഥത്തിൽ, ഈ പ്രാവ് എപ്പോഴും നമ്മെ ബുദ്ധിമുട്ടിക്കുന്നു. ഈ ചെറിയ പ്രാവിന്റെ ആന്തരികപ്രവൃത്തിയാണ് അഭിഷേകം.

നാം എല്ലാവരും രൂപാന്തരപ്രക്രിയയിലാണ്. പ്രാവിന്റെ രൂപാന്തരപ്രവൃത്തിയുടെ ഫലമായി ചില സഹോദരീസഹോദരന്മാർക്ക് കാര്യമായ മാറ്റം അനുഭവപ്പെട്ടിട്ടുള്ളതായി ഞാൻ നിരീക്ഷിച്ചിട്ടുണ്ട്.

നിങ്ങൾ സഭാജീവിതം ഇഷ്ടമല്ല എന്നു പറയുകയും, അത് ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയും ചെയ്താൽ, നിങ്ങളിൽ വസിക്കുന്ന പ്രാവിന്റെ രൂപാന്തരവേലയിൽനിന്ന് നിങ്ങൾക്ക് രക്ഷപ്പെടുവാൻ കഴിയുകയില്ല എന്ന് നിങ്ങൾ കണ്ടെത്തും. നിങ്ങൾ വാസ്തവത്തിൽ സ്വസ്ഥതയിൽ ആയിരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, സഭാജീവിതത്തിൽ ഒരു"നല്ല കുട്ടി"യായി സാധാരണമായി പെരുമാറുക. നിങ്ങൾ നന്നായി പെരുമാറാതെ ഒരു"വികൃതി കുട്ടി"യായാൽ നിങ്ങൾ കഷ്ടപ്പെടും. എന്നാൽ ഈ കഷ്ടാനുഭവം രൂപാന്തരപ്പെടുവാൻ നിങ്ങളെ സഹായിക്കും. കർത്താവിന്റെ മാർഗ്ഗത്തിൽനിന്നു രക്ഷപ്പെടുവാൻ ആർക്കു കഴിയും? നാം പിടിക്കപ്പെട്ടാൽ, ഒഴിഞ്ഞുമാറുവാൻ പറ്റുകയില്ല."ഞാൻ ഇതു ഇഷ്ടപ്പെടുന്നില്ല"എന്നു നാം പറഞ്ഞേക്കാം. എന്നാൽ അവൻ പറയുന്നു,"ഞാൻ നിന്നെ ഏറെ ഇഷ്ടപ്പെടുന്നു. നീ എന്നെ ഇഷ്ടപ്പെടുന്നില്ലെങ്കിലും ഞാൻ നിന്നെ ഇഷ്ടപ്പെടുന്നു. നീ എന്നെ വെറുക്കുന്തോറും ഞാൻ നിന്നെ കൂടുതൽ ഇഷ്ടപ്പെടുന്നു"എന്ന്. നാം എന്തു ചെയ്യും? നാം എന്തു പറയും? നാം ഒന്നും ചെയ്യാതെ, ഇങ്ങനെ പറയുക,"കർത്താവായ യേശുവേ." ഒരിക്കൽ സഭാജീവിതത്തിനുവേണ്ടി നിങ്ങൾ കർത്താവിനാൽ പിടിക്കപ്പെട്ടു, നിങ്ങൾ രൂപാന്തരത്തിനായി"കൊളുത്തപ്പെട്ടിരിക്കുന്നു."അതിൽനിന്ന് രക്ഷപ്പെടുവാനായി നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയുമില്ല. നിങ്ങൾ ഇത് ഇഷ്ടപ്പെടുന്നില്ലായിരിക്കാം, എന്നാൽ നിങ്ങൾക്ക് എന്തു ചെയ്യുവാൻ കഴിയും? നിങ്ങൾ എവിടെ പോകും? പോകുവാനൊരു സ്ഥലവുമില്ല. ഇതാണ് നമ്മുടെ വിധി. തന്റെ കെട്ടുപണിക്കുവേണ്ടി രൂപാന്തരപ്പെടുത്തുവാൻ ദൈവം നമ്മെ മുൻനിർണയിച്ചിരിക്കുന്നു.

### *5. കെട്ടുപണി*

സൃഷ്ടിക്കും ജഡാവതാരത്തിനും വീണ്ടെടുപ്പിനും അഭിഷേകത്തിനും ശേഷം ആണ് കെട്ടുപണി. ഈ കെട്ടുപണി ദൈവഭവനത്തിനുവേണ്ടിയാണ്. ദൈവം തനിക്കുവേണ്ടി ഒരു വാസസ്ഥലം പണിയുന്നു. രൂപാന്തരപ്പെട്ട ജനത്തെ കല്ലുകളായി അവൻ ഉപയോഗിക്കുന്നു(1:42). നാം രൂപാന്തര പ്രവൃത്തിയിലൂടെ കടന്നുപോകുന്നു എന്നു മാത്രമല്ല, കെട്ടുപണിയുടെ പ്രക്രിയയിൽ ആയിരിക്കുന്നു എന്നതിനാലും കർത്താവിന് സ്തോത്രം. ദൈവത്തിന് ആവശ്യം അനേക കല്ലുകളല്ല, ഒരു ഭവനമാണ്. നിത്യതയ്ക്കായി ദൈവത്തിന് പണിയപ്പെട്ട ഒരു ഭവനം, അവന്റെ നിവാസമായി ഒരു ബേഥേൽ, ആവശ്യമാണ്.

കർത്താവിന് മടങ്ങിവരുവാൻ, യിസ്രയേൽ ജനത സജ്ജമാക്കപ്പെടുകയും, സഭ പണിയപ്പെടുകയും ചെയ്യണം. യിസ്രായേലിനെ നോക്കുക: അവൾ മിക്കവാറും ഒരുക്കപ്പെട്ടു. എന്നാൽ യിസ്രായേലിന് അനുയോജ്യയായ സഭ ഉണ്ടായിരിക്കണം. യിസ്രായേൽ

മിക്കവാറും ഒരുക്കപ്പെട്ടെങ്കിലും സഭ ഇതുവരെ ഒരുക്കപ്പെട്ടിട്ടില്ല. കർത്താവ് ജനത്തിന്റെ എണ്ണത്തെ ശ്രദ്ധിക്കുന്നില്ല. അവനോടൊപ്പം പൂർണ്ണമായി പ്രക്രിയാവിധേയമായവരും സാന്ദ്രീകരിക്കപ്പെട്ടവരും രൂപാന്തരപ്പെട്ടവരും കെട്ടുപണിയപ്പെട്ടവരുമായ ഒരു ചെറിയ കൂട്ടം മാത്രമേ ഉള്ളൂവെങ്കിലും അതു മതിയാകും. ഞാനിത് ലാഘവത്തോടെയല്ല പറയുന്നത്.

കർത്താവിന്റെ വരവ് നമ്മുടെ സ്വാഭാവിക ധാരണ അനുസരിച്ചായിരിക്കുകയില്ല. മതഭക്തർക്ക് അവന്റെ ആദ്യത്തെ വരവ് മനസ്സിലായില്ല, രണ്ടാമത്തെ വരവും അവർക്ക് മനസ്സിലാവുകയില്ല. കർത്താവിന്റെ വരവ് മനസ്സിലാക്കുവാൻ മതപരമായ മാർഗ്ഗം പിൻതുടരരുത്. നിങ്ങൾ ജീവന്റെ മാർഗ്ഗം സ്വീകരിക്കണം. നിങ്ങൾ ജീവമാർഗ്ഗത്തിലാണെങ്കിൽ, അവൻ വരുന്ന രീതി എന്തെന്ന് നിങ്ങളറിയുന്നു. അത് "മറയ്ക്കപ്പെട്ട" വഴിയായിരിക്കും. കർത്താവ് കള്ളനെപ്പോലെ മടങ്ങി വരും എന്നു വേദപുസ്തകം പറയുന്നു(വെളി.3:3;16:15). അവൻ, നിങ്ങളുടെ വാതിലിൽ മുട്ടുന്ന ഒരു സന്ദർശകനെപ്പോലെയല്ല വരുന്നത്. ഒരു കള്ളനെപ്പോലെ രഹസ്യമായി അവൻ വരും. നിങ്ങൾക്ക് അവൻ നഷ്ടമായേക്കാം. നിങ്ങൾ നിങ്ങളെത്തന്നെ ജീവന്റെ മാർഗ്ഗത്തിൽ സൂക്ഷിക്കുന്നുവെങ്കിൽ, കർത്താവ് നിഗൂഢമായ രീതിയിലാണ് വരുന്നത് എന്ന് നിങ്ങൾ കാണും. ജീവന്റെ മാർഗ്ഗത്തിൽ, നിഗൂഢമായ മാർഗ്ഗത്തിൽ, അവൻ വരും. നാം ജീവന്റെ രഹസ്യമാർഗ്ഗത്തിൽ ആയതിനാൽ അവനെ സ്തുതിക്കുക.

കർത്താവിന്റെ മടങ്ങിവരവിന് അവന്റെ അന്വേഷകരുടെ ദൃഢമായ കെട്ടുപണി ആവശ്യമാണ്. ഈ കെട്ടുപണി അവന് ഭൂമിയെ നേടുവാനുള്ള ഒരു ചവിട്ടുകല്ലും ഒരു താവളവും ആയിരിക്കും. അത് ദൈവത്തിനും മനുഷ്യനുമുള്ള പരസ്പരനിവാസം ആയിരിക്കും. ഇത് ദിവ്യത്വം മനുഷ്യത്വവുമായും മനുഷ്യത്വം ദിവ്യത്വവുമായും എന്നേക്കുമുള്ള ഇഴുകിച്ചേരലായിരിക്കും. ക്രിസ്തു ഒരിക്കൽ ദിവ്യത്വം മാത്രമുള്ളവനായിരുന്നു. അവന് മനുഷ്യപുത്രൻ ആകുവാൻ മനുഷ്യജീവനും മനുഷ്യപ്രകൃതിയും വേണമായിരുന്നു. നാം മനുഷ്യരാണ്, എന്നാൽ നമുക്ക് ദൈവത്തിൽനിന്നു ജനിച്ച ദൈവമക്കളാകുവാൻ കഴിയും(1:12-13). ദൈവമക്കളാകുവാൻ, നമുക്ക് ദിവ്യജീവനും ദിവ്യസ്വഭാവവും ആവശ്യമാണ്. ഒടുവിൽ, ദിവ്യനായ അവന് മനുഷ്യജീവനും മനുഷ്യസ്വഭാവവും ഉണ്ടായിരിക്കും; മനുഷ്യരായ നമുക്ക് ദിവ്യജീവനും ദിവ്യസ്വഭാവവും ഉണ്ടായിരിക്കും. അങ്ങനെ അവനും നാമും, നാമും അവനും ഒരുപോലെ ആയിരിക്കും. ഇതാണ് ദിവ്യത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും ഇഴുകിച്ചേരലും ദൈവത്തിന്റെ കെട്ടുപണി എന്ന പരസ്പരനിവാസവും. ഈ കെട്ടുപണി, യാക്കോബിന്റെ സ്വപ്നത്തിന്റെ മാത്രമല്ല, ദൈവത്തിന്റെ നിത്യവ്യവസ്ഥയുടെയും

ആത്യന്തിക നിറവേറൽ ആയിരിക്കും. ഇത് കാലത്തിന്റെ പാലത്തിനെ അവസാനിപ്പിക്കുകയും ഭാവിയിൽ വാഴ്ത്തപ്പെട്ട നിത്യത ആനയിക്കുകയും ചെയ്യും. നാം കെട്ടുപണിക്കുവേണ്ടിയുള്ളവരും, നാം ആ കെട്ടുപണി ആയിരിക്കുകയും വേണം.

ഈ അഞ്ചു കാര്യങ്ങളും സംഭവിച്ചതിനു ശേഷം, നാം കർത്താവുമൊത്ത് ഭാവികാല നിത്യതയിൽ പ്രവേശിക്കും. ആ സമയത്ത്, അവൻ ദൈവപുത്രനും മനുഷ്യപുത്രനും ആയിരിക്കും. ദൈവപുത്രൻ എന്ന നിലയിൽ, അവൻ നമുക്ക് ജീവനായിരിക്കുകയും മനുഷ്യപുത്രൻ എന്ന നിലയിൽ അവൻ ദൈവത്തിനു വാസസ്ഥലമായിരിക്കുകയും ചെയ്യും. നാം അവനുമായി പറ്റിച്ചേരുകയും ഇഴുകിച്ചേരുകയും ചെയ്യും. എന്നെന്നേക്കും അവനുമായി നാം നിത്യത ആസ്വദിക്കും. നഥനയേലും അവനോടോപ്പം നാം എല്ലാവരും സ്വർഗം തുറന്നിരിക്കുന്നതും ദൈവദൂതന്മാർ കയറുകയും മനുഷ്യപുത്രന്റെമേൽ ഇറങ്ങുകയും ചെയ്യുന്നതും കാണും. ഇതാണ് യോഹന്നാൻ ഒന്നാം അദ്ധ്യായത്തിൽ കാണപ്പെടുന്ന വെളിപ്പാട്.